പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6179 | 20.11.2019 ന് മറുപടിയ്ക്ക്.

## വനം വകുപ്പ് ജീവനക്കാർക്ക് വാങ്ങിയ വാക്കിടോക്കി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ.രാജേഷ്: | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | വനം വകുപ്പിലെ ജീവനക്കാർക്ക് വാക്കിടോക്കി വാങ്ങുവാൻ 2017 ജനുവരി മുതൽ എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചിലവഴിച്ചുവെന്നും അറിയിക്കാമോ; | (എ) | വനം വകുപ്പിലെ ജീവനക്കാർക്ക് വാക്കിടോക്കി വാങ്ങുന്നതിന് 2017-18 സാമ്പത്തിക വർഷം 16.85 ലക്ഷം രൂപയും, 2018-19 സാമ്പത്തിക വർഷം 32.14 ലക്ഷം രൂപയും, 2019-20 സാമ്പത്തിക വർഷം 54.85 ലക്ഷം രൂപയും അനുവദിച്ചുകിട്ടിയിട്ടുണ്ട്. അനുവദിച്ച തുകയിൽ 2017-18 സാമ്പത്തിക വർഷം 79,000/- രൂപയും, 2018-19 സാമ്പത്തിക വർഷം 6,52,106/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള തുക ഉപയോഗപ്പെടുത്തി ഡിജിറ്റൽ വാക്കിടോക്കികൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത തുക ഉപയോഗിച്ച് എത്ര വാക്കിടോക്കി വാങ്ങിയിട്ടുണ്ട്; വാക്കിടോക്കി ആർക്കെല്ലാമാണ് നൽകിയത്; എല്ലാ ഉപകരണങ്ങളും പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയിൽ നിന്നും 7.31 ലക്ഷം രൂപ ഉപയോഗിച്ച് 51 വാക്കി ടോക്കികൾ വാങ്ങിയിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ വാക്കി ടോക്കികൾ - പെരിയാർ ഈസ്റ്റ് ഡിവിഷൻ 23 എണ്ണം, മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ 28 എണ്ണം എന്നിങ്ങനെ ആണ്. പെരിയാർ ഈസ്റ്റ് ഡിവിഷനിലെ 23 വാക്കി ടോക്കികൾ റേഞ്ച് ഓഫീസർ, തേക്കടി/ വള്ളക്കടവ്/ പെരിയാർ എന്നിവർക്കാണ് നൽകിയിട്ടുള്ളത്. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിലെ 28 വാക്കി ടോക്കികൾ ഇരവികുളം നാഷണൽ പാർക്ക് അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനും, ചിന്നാർ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനും നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ എല്ലാ വാക്കി ടോക്കികളും പ്രവർത്തന ക്ഷമമാണ്. |

| | | | |
|---|---|---|---|
| (സി) | ഇത് സംബന്ധിച്ച് ചുമതലയുള്ള സി.സി.എഫ് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ; | (സി) | വനം വകുപ്പിന്റെ അംഗീകരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതായതുകൊണ്ടും പ്രത്യേകമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതായ സാഹചര്യം ഇല്ലാത്തതുകൊണ്ടും ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| (ഡി) | വനം വകുപ്പിൽ വാങ്ങുന്ന പല ഉപകരണങ്ങളും പ്രവർത്തിക്കുന്നില്ലെന്ന പരാതി പരിശോധിക്കാമോ; പ്രവർത്തിക്കാത്ത ഉപകരണങ്ങളെക്കുറിച്ച് എന്തെങ്കിലും ഫയൽ വനം വകുപ്പ് ആസ്ഥാനത്ത് നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | പരാതികൾ ലഭിയ്ക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ എല്ലാ ഉപകരണങ്ങളും 3 മുതൽ 5 വർഷം വരെയുള്ള വാറന്റി ഉൾപ്പെടെയാണ് വാങ്ങുന്നത്. വാറണ്ടിയുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടി ഉപകരണങ്ങൾ വാർഷിക മെയിന്റനൻസ് കരാർ ഏർപ്പെടുത്തിയാണ് പരിപാലിച്ചുവരുന്നത്. ഉപകരണങ്ങൾ പ്രവർത്തനയോഗ്യമല്ലാതാവുന്ന അവസരത്തിൽ നിയമാനുസൃതമായി ഉപകരണങ്ങൾ നിർമാർജ്ജനം ചെയ്യുകയാണ് ചെയ്യുന്നത്. പ്രവർത്തിക്കാത്ത ഉപകരണങ്ങളെക്കുറിച്ച് ഫയൽ ഒന്നും തന്നെ നിലവിലില്ല. |

സെക്ഷൻ ഓഫീസർ